ALL SAINTS PUBLIC SCHOOL

MID- TERM EXAMINATION(2024-2025)

CLASS-VI മലയാളം MARKS:60

I) താഴെക്കൊടുത്തിരിക്കുന്ന ഗദ്യ ഭാഗം വായിച്ച് ചുവടെ കൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക

ഇന്നത്തെ വിദ്യാഭ്യാസ സമ്പ്രദായത്തിൽ കലാകായിക പ്രവർത്തനങ്ങൾക്ക് വലിയ പങ്കുണ്ട്. ധീരമായ മനസ്സും ഉരുക്കിന്റെ പേശികളും ഉള്ള വിദ്യാസമ്പന്നരായ യുവാക്കളെയാണ് നമുക്ക് ആവശ്യം. ശാരീരിക വളർച്ചയ്ക്കും കായിക വിദ്യാഭ്യാസം വളരെ അത്യന്താപേക്ഷിതമാണ്. ക്ലാസ് മുറികളിൽ ഇരുന്നുള്ള പഠിത്തം കുട്ടികളിൽ മാനസികമായ കഴിവുകൾ മാത്രമേ വികസിപ്പിക്കൂ. എന്നാൽ കായിക വിദ്യാഭ്യാസത്തിലൂടെ മാത്രമേ ശാരീരിക വളർച്ച പൂർത്തീകരിക്കുകയുള്ളൂ. ആരോഗ്യമുള്ള ശരീരത്തിനേ ആരോഗ്യമുള്ള മനസ്സുണ്ടാവുകയുള്ളൂ. വിദ്യാഭ്യാസത്തിൽ ഉന്നത വിദ്യാഭ്യാസം കൈവരിക്കാനും മത്സര പരീക്ഷകളെ അതിജീവിക്കാനും ജോലി സമ്പാദിക്കാനും ഇന്ന് കായിക പരിശീലനം കൊണ്ട് സാധിക്കും. കായികരംഗത്ത് പ്രവർത്തിക്കുന്നവർക്ക് സർക്കാർതലത്തിലും പൊതുമേഖലാ തലത്തിലും ധാരാളം അവസരങ്ങൾ ഉണ്ട്.

ചോദ്യങ്ങൾ

1) ഇന്നത്തെ കാലഘട്ടത്തിൽ ഏതുതരത്തിലുള്ള യുവാക്കളെയാണ് നമുക്ക്ആവശ്യം. (2)

2) കുട്ടികളുടെ മാനസികമായ കഴിവുകളെ വികസിപ്പിക്കുന്നതിന് സഹായമായ പഠന സമ്പ്രദായമെന്ത്? (2)

3) കായിക പരിശീലനം കൊണ്ട് എന്തൊക്കെ നേട്ടങ്ങൾ കൈവരിക്കാൻ സാധിക്കും (2)

4) കായികരംഗത്ത് പ്രവർത്തിക്കുന്നവർക്ക് ഏതൊക്കെ മേഖലകളിലാണ് ധാരാളം അവസരങ്ങൾ ലഭിക്കുന്നത്. (2 )

5) ഈ ഖണ്ഡികയ്ക്ക് ഉചിതമായ ശീർഷകം നൽകുക.(2)

II) 1)അർത്ഥം എഴുതുക

a) ആസ്യം b) പ്രാവീണ്യം (2)

2) പിരിച്ചെഴുതുക

a) ഗാനാമൃതം b) കൈയിൽ (2)

3) വിഗ്രഹിക്കുക

a) തീക്കനൽ b) കാട്ടുപുൽത്തണ്ട്(2)

4) പര്യായപദം എഴുതുക

a)ശരീരം b) ഭക്ഷണം(2)

5) നാനാർത്ഥം എഴുതുക

a) കുംഭം b) അന്നം (2)

6) അർത്ഥവ്യത്യാസം എഴുതുക

a) ഉദരം – ഉദാരം

b) ചിതം – ചിത്രം (2)

7) വിപരീതപദം എഴുതുക

a)ക്ഷമ b)ഉത്തമം (2)

8) ശരിയേത്?

a) നിഗൂഢം – നിഗൂടം

b) സ്വസ്ഥത – സ്വസ്തത (2)

9) എതിർലിംഗം എഴുതുക

a) ഗായകൻ -

b) സഹോദരി - (2)

10) വാക്യത്തിൽ പ്രയോഗിക്കുക

a) പ്രകൃതിദത്തം

b) വിസ്മരിക്കുക (2)

III.ബ്രാക്കറ്റിൽ നിന്ന് ശരിയായ ഉത്തരം തിരഞ്ഞെടുത്തെ ഴുതുക (10×1=10)

1) കാട്ട് പുൽത്തണ്ടിൽ നിന്ന് അത്ഭുതകരമായ പാട്ട് ഉണർത്തുന്നത് ആര്?

( ബാലൻ, ബാലിക, ഗന്ധർവ്വബാലൻ )

2) 'സാഹിത്യമഞ്ജരി' എന്ന കൃതിയുടെ കർത്താവ് ആര്?

( വള്ളത്തോൾ, ഉള്ളൂർ, കുമാരനാശാൻ)

3) കുഞ്ചൻ നമ്പ്യാരുടെ കാലഘട്ടം ഏത്?

( പതിനഞ്ചാം നൂറ്റാണ്ട്, പതിനാറാം നൂറ്റാണ്ട്, പതിനെട്ടാം നൂറ്റാണ്ട്)

4) സാബിർ ബാബു, കെ ടി മുഹമ്മദ് എന്നീ പ്രമുഖ വ്യക്തികളെ വളർത്തിയെടുത്തത് ആര്?

( കുഞ്ഞുമുഹമ്മദ്, കെ പി ഉമ്മർ, അബ്ദുൾ ഖാദർ )

5)'ഹാമെലിനിലെ കുഴലൂത്തുകാരൻ' എന്ന പാഠം ഏത് സാഹിത്യ വിഭാഗത്തിൽപ്പെടുന്നു.

( നോവൽ, ചെറുകഥ, നാടോടി കഥ )

6)ചേലുറ്റ പാത്രത്തിൽ നറുചൂട് പാൽ പകർന്നു നൽകിയത് ആര്?

( കുട്ടി,കവി, അമ്മ )

7)അതുവരെ അയാളുടെ ജീവിതത്തിൽ നാളെ ഉണ്ടായിരുന്നില്ല"ആരുടെ ജീവിതത്തിൽ?

( പപ്പുവിന്റെ, കേശവദേവിന്റെ, യാത്രക്കാരന്റെ)

8)കേരള കലാമണ്ഡലം സ്ഥാപിക്കുന്നതിന് നേതൃത്വം വഹിച്ച വ്യക്തിയാര് ?

( ആശാൻ, കേശവദേവ്, വള്ളത്തോൾ)

9)ഉദരം തബലയാക്കിയ പാട്ടുകാരൻ ആര്?

( അബ്ദുൽ ഖാദർ, കുഞ്ഞുമുഹമ്മദ്, സാബിർ ബാബു)

10)പടയണിയിൽ പ്രധാനമായി ഉപയോഗിക്കുന്ന വാദ്യങ്ങൾ ഏതെല്ലാം?

( ചെണ്ട – മദ്ദളം, വീണ – ഹാർമോണിയം, തപ്പ് – ചെണ്ട )

IV.പദ്യം എഴുതുക(4)

''ജീവനുള്ള പാട്ട് 'എന്ന പദ്യത്തിൽ നിന്ന് എട്ട് വരി എഴുതുക'?

V. ഏതെങ്കിലും നാല് ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക (4×3=12)

1) "അന്യജീവനുതകി സ്വജീവിതം

ധന്യമാക്കുമമലേ വിവേകികൾ" ഈ വരികൾ മുഹമ്മദിക്കയെ സംബന്ധിച്ച് എത്രത്തോളം ശരിയാണ്?

2) "മെല്ലെന്നു ഭൂമി പിളർന്നു പുറപ്പെട്ടു നല്ലൊരു പൊന്മണി മൗലി കുംഭം''

ഇതിന് മുന്നൊരുക്കമായി മയൻ ചെയ്ത കാര്യങ്ങൾ എന്തെല്ലാം?

3) ജനത്തിരക്കുള്ള നഗര പാതയെ കഥാകൃത്ത് വർണ്ണിക്കുന്നത് എങ്ങനെ?

4) എന്തുകൊണ്ടും ഐശ്വര്യപൂർണ്ണമായ ഒ രിടമാണ് ഹാമെലിൻ എന്ന് പറയാൻ കാരണമെന്ത്?

5)'നീയിതു കാണുക' കവി ആരെയാണ് ചൂണ്ടിക്കാണിച്ചു തരുന്നത്?

VI.ലഘു കുറിപ്പ് എഴുതുക (4)

'പടയണി' എന്ന കലാരൂപത്തെക്കുറിച്ച് ലഘു കുറിപ്പെഴുതുക